# സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

SCERT Kerala

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

ഫോൺ: 0471 - 2341883, 2340323, ഫാക്സ്: 0471-2341869

ഇ-മെയിൽ : scertkerala@gmail.com, web: www.scert.kerala.gov.in SCERT


2018 സെപ്റ്റംബർ 20

## ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ താൽപര്യമുള്ള അധ്യാപകർ/ വ്യക്തികൾ/ സംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) കേരളത്തിലെ സ്കൂൾ അധ്യാപകർ/ വ്യക്തികൾ/ സംഘടനകളിൽ നിന്ന് ഗവേഷണ പ്രോജക്ടുകൾ ക്ഷണിക്കുന്നു. പ്രീ പ്രൈമറി മുതൽ ഹയർസെക്കന്ററി വരെ വിവിധ തലങ്ങളിലെ സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഗവേഷണ പ്രോജക്ടുകൾ സമർപ്പിക്കാവുന്നതാണ്. വിശദമായ പ്രോജക്ട് രൂപരേഖയും ആവശ്യമായ സാമ്പത്തിക സഹായം സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയ പ്രൊപ്പോസലുകൾ സ്കൂൾ മേലധികാരിയുടെ/ ബന്ധപ്പെട്ട സന്നദ്ധ സംഘടനയും സാക്ഷ്യപത്രത്തോടെ സമർപ്പിക്കണം. ഒറ്റയ്ക്കോ ഏതാനും പേർക്ക് കൂട്ടായോ പ്രോജക്ട് ഏറ്റെടുക്കാം. അപേക്ഷകർ വ്യക്തിപരമായ വിവരങ്ങളും അപേക്ഷയോടൊപ്പം സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന പ്രോജക്ടുകൾക്ക് സാമ്പത്തിക സഹായവും അക്കാദമിക പിന്തുണയും എസ്.സി.ഇ.ആർ.ടി. നൽകുന്നതാണ്. സ്വയം വികസിപ്പിച്ച ഫോർമാറ്റിലുള്ള അപേക്ഷകൾ ഒക്ടോബർ 30 നു മുമ്പ് **ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം – 695 025** എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷകൾ scertresearch@gmail.com എന്ന ഇ-മെയിലിലേക്കും അയക്കാവുന്നതാണ്.

അപേക്ഷകർ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതനാശയ പ്രവർത്തനങ്ങൾക്കുള്ള ഗവേഷണ പ്രൊപ്പോസലാണ് സമർപ്പിക്കേണ്ടത്.
- പ്രതീക്ഷിത ചെലവ് വിശദമായി രേഖപ്പെടുത്തണം.
- വലിയതോതിൽ ഉപകരണങ്ങൾ, വസ്തുക്കൾ തുടങ്ങിയവ വാങ്ങാനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതല്ല.
- എസ്.സി.ഇ.ആർ.ടി. പിന്തുടരുന്ന ബോധനശാസ്ത്ര തത്ത്വങ്ങൾക്ക് നിരക്കുന്നതും വിദ്യാഭ്യാസ അവകാശ നിയമത്തോട് പൊരുത്തപ്പെടുന്നതുമായ പദ്ധതികൾക്കാണ് പിന്തുണ നൽകുന്നത്.
- പഠനഫലമായി വിദ്യാഭ്യാസ രംഗത്ത് കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടത്തെ സംബന്ധിച്ച സൂചന ഉണ്ടാവണം.
- സ്വകാര്യ വ്യക്തികൾ/സംഘടനകൾ/മറ്റ് ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോജക്ടുകൾക്കും പിന്തുണ നൽകുന്നതാണ്.

ഡയറക്ടർ